**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4712** **10-08-2021 - ൽ മറുപടിയ്ക്ക്**

**തീറ്റപ്പുൽകൃഷി വ്യാപകമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്ഷീരകൃഷി വ്യാപകമാകുന്നതിനനുസൃതമായി തീറ്റപ്പുൽകൃഷിയിൽ വർദ്ധനവുണ്ടാകേണ്ടത് അത്യാന്താപേക്ഷിതമാണെന്ന കാര്യം ഗൗരവമായി പരിഗണിക്കുമോ; | (എ) | പരിഗണിച്ചിട്ടുണ്ട്. |
| (ബി) | തീറ്റപ്പുൽകൃഷി വ്യാപകമാക്കുന്നതിന്റെ ഭാഗമായി വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ പര്യാപ്തമാണോ എന്നതുസംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. ക്ഷീരോല്പാദന മേഖലയിൽ ക്ഷീരകർഷകർ നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം കാലിത്തീറ്റയുടെയും, വൈക്കോലിന്റെയും ലഭ്യത കുറയുന്നതും, വില വർദ്ധിക്കുന്നതുമാണ്. തീറ്റപ്പുൽകൃഷിയുടെ നോഡൽ ഏജൻസി എന്ന നിലയിൽ ക്ഷീരവികസന വകുപ്പ് വിവിധങ്ങളായ തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. സബ്സിഡിയോടെ 20 സെന്റിനു മുകളിൽ തീറ്റപ്പുൽകൃഷി, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ, യന്ത്രവൽക്കരണത്തിനുള്ള പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, സ്വയം സഹായ സംഘങ്ങൾ മുഖേന തീറ്റപ്പുൽകൃഷി വ്യാപന-വിപണന പദ്ധതികൾ, തരിശു നിലങ്ങളിലെ തീറ്റപ്പുൽ കൃഷി വ്യാപന പദ്ധതികൾ, വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിനായുള്ള വികസന പദ്ധതികൾ എന്നീ പദ്ധതികൾ ക്ഷീരവികസനവകുപ്പ് നടപ്പിലാക്കി വരുന്നു. |
| (സി) | കോവിഡിന്റെ പശ്ചാത്തലത്തിൽ തീറ്റപ്പുൽകൃഷി ഒരു തൊഴിലായി സ്വീകരിച്ചു വരുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനായി സബ്സിഡി അടക്കമുള്ള സഹായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (സി) | ഉണ്ട്. വനിതാ സ്വയം സഹായ സംഘങ്ങളിൽ ഉൾപ്പെട്ട വനിതകൾക്ക് തങ്ങളുടെ വരുമാന മാർഗ്ഗം വർദ്ധിപ്പിക്കുന്നതിനായി തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലെ തീറ്റപ്പുൽകൃഷിയും വിപണനവും എന്ന ഘടക പദ്ധതിയിലൂടെ ധനസഹായം നൽകിവരുന്നു. ഒരേക്കർ സ്ഥലത്ത് തീറ്റപ്പുൽകൃഷി നടത്തി ആയത് വിപണനം ചെയ്യുന്നതിന് 75,000/- രൂപയുടെ |

| | | | |
|---|---|---|---|
| | | | ധനസഹായമാണ് രജിസ്റ്റർ ചെയ്ത സ്വയം സഹായ സംഘങ്ങൾക്കും വനിതാഗ്രൂപ്പുകൾക്കും നൽകുന്നത്. കൂടാതെ, തരിശു ഭൂമിയിലെ തീറ്റപ്പുൽകൃഷി യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, 20 സെന്റിനു മുകളിൽ തീറ്റപ്പുൽകൃഷി, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ തുടങ്ങിയവ തീറ്റപ്പുൽകൃഷി ഒരു തൊഴിലായി സ്വീകരിച്ച് വരുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ഡി) | തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തീറ്റപ്പുൽകൃഷി വ്യാപകമായി നടപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) | നിലവിൽ തീറ്റപ്പുൽകൃഷി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന വ്യാപകമായി നടപ്പിലാക്കി വരുന്നുണ്ട്. കൂടുതൽ പഞ്ചായത്തുകളിലേയ്ക്ക് ഈ പദ്ധതി വ്യാപിപ്പിക്കാൻ നടപടി പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ